ഹയർ സെക്കൻഡറി പെൺകുട്ടികളുടെ കഥകളിയിൽ എ ഗ്രേഡ് നേടിയ ബി.ആദിത്യ (നായർ സമാജം സ്കൂൾ, മാന്നാർ)

അപ്പൂപ്പനെപ്പോലെ പേരുനേടണം; ജെറിലിനു താങ്ങായി പത്മകുമാർ

ജെറിലിന്റെ സംഗീത പഠനത്തിനുള്ള ചെലവ് വഹിക്കുന്നത് മുത്തച്ഛന്റെ ശിഷ്യൻ

ജെറിൽ

ആലപ്പുഴ • എച്ച്എസ് ലളിതഗാന മത്സരത്തിൽ എഗ്രേഡുമായി ജെറിൽ ഷാജി തിരികെ പോവുമ്പോൾ അപ്പൂപ്പന്റെ മനസ്സ് ആകാശങ്ങൾക്കപ്പുറമിരുന്ന് സന്തോഷിക്കുന്നുണ്ടാവും. പേരക്കുട്ടിയുടെ സംഗീത പഠനത്തിനുള്ള എല്ലാ ചെലവും വഹിക്കുന്നത് ചെയ്യുന്നത് അപ്പൂപ്പന്റെ പ്രിയശിഷ്യൻ തൃക്കൊടിത്താനം പത്മകുമാറാണ്.

വാകത്താനം ജെഎം എച്ച്എസ്എസ്സിലെ പത്താംക്ലാസ് വിദ്യാർഥിനിയാണ് ജെറിൽ ഷാജി. സ്വകാര്യസ്ഥാപനത്തിൽ സെക്യൂരിറ്റിയായ വാകത്താനം കരിങ്ങണാമറ്റം കെ.വി.ഷാജിമോന്റെയും റൂബിയുടെയും മകളാണ്. ജെറിലിന്റെ സംഗീതാധ്യാപകനാണ് പത്മകുമാർ. ജെഎം എച്ച്എസ്എസ്സിലെ 2 വിദ്യാർഥികളെയാണ് അദ്ദേഹം സ്പോൺസർഷിപ് നൽകുന്നത്. അതിലൊരാളാണു ജെറിൽ.

ജെറിലിന്റെ അച്ഛന്റെ അച്ഛൻ ഇരിങ്ങാലക്കുട സെബാസ്റ്റ്യൻ വർഗീസ് ഭാഗവതർ കാഥികനും സംഗീതജ്ഞനുമായിരുന്നു. ജെറിലിന്റെ പിതാവ് വിദ്യാർഥിയായിരിക്കുന്ന കാലത്താണ് ഭാഗവതർ മരിച്ചത്. അപ്പൂപ്പനെപോലെ വലിയ പേരുനേടണമെന്നാണ് ജെറിലിന്റെയും ആഗ്രഹം. കലാഭവനിൽ ഗായികയായതിന്റെ സന്തോഷത്തിനൊപ്പമാണു കലോത്സവത്തിലെ എ ഗ്രേഡും.

ഹയർ സെക്കൻഡറി വിഭാഗം ഭരതനാട്യത്തിലും കുച്ചിപ്പുഡിയിലും എ ഗ്രേഡ് നേടിയ ചന്ദന രാജേന്ദ്രൻ. (വിജെഎച്ച്എസ്എസ്, നദുവത്ത് നഗർ, വടുതല)

ALP മലയാള മനോരമ

അതി ജീവന കല

കേരള സ്കൂൾ കലോത്സവം ഡിസംബർ 7,8,9-2018

വാക്കുകളിലുമുണ്ട് ഇന്ദ്രജാലം

മാജിക്കിന്റെ വിസ്മയം തീർത്ത അനന്തു കലോത്സവ വേദിയിലെത്തിയതു വാക്കുകളുടെ മാജിക്കുമായാണ്. ഹയർസെക്കൻഡറി വിഭാഗം മലയാളം പ്രസംഗത്തിൽ മത്സരിക്കാനെത്തിയ തിരുവനന്തപുരം വഴുതക്കാട് ചിന്മയ വിദ്യാലയത്തിലെ അനന്തു ഒൻപതാം വയസിൽ ആരംഭിച്ചതാണു മാജിക് പഠനം. അച്ഛനായിരുന്നു മാജിക്കിന്റെ ലോകത്തേക്കു നടത്തിയത്. അച്ഛൻ മരിച്ചതോടെ അനന്തുവിനു മാജിക് ജീവിത മാർഗമായി. കുടുംബത്തിന്റെ വരുമാനം വേദികളിൽ നിന്നുള്ള പ്രതിഫലമാണ്.

അണിയമായി രാഗം

യോ!യോ! ബാൻഡ്: ആലപ്പുഴയിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗം ബാൻഡ് മേളക്കാർക്കൊപ്പം ഫോട്ടോയ്ക്കു പോസ് ചെയ്യുന്ന വിദേശികൾ.

ഓടിക്കിതച്ചെങ്കിലും

ധനഞ്ജയിന്റെ മടക്കം മൂന്ന് എ ഗ്രേഡുമായി

കല്യാണസൗഗന്ധികത്തിലെ ഭീമനെയാണ് ധനഞ്ജയ് കൃഷ്ണൻ കഥകളി വേദിയിൽ അവതരിപ്പിച്ചത്. പക്ഷേ വേദിക്കു പുറത്ത് 'ഭീമന്റെ മാർഗം മുടക്കിയത് മർക്കടനല്ല', കലോത്സവത്തിന്റെ സമയക്രമമാണ്. പങ്കെടുക്കുന്ന മൂന്നു മത്സരങ്ങളും (ഹൈസ്കൂൾ വിഭാഗം) രാവിലെ ഒൻപതിന്. അതും നഗരത്തിന്റെ മൂന്നു ഭാഗങ്ങളിലുള്ള വേദികളിൽ. ഓടിക്കിതച്ച് മൂന്നിടത്തുമെത്തി, മൂന്നിനത്തിലും എ ഗ്രേഡ് വാങ്ങിയാണ് പാലക്കാട്ടേക്കു മടങ്ങുന്നത്.

ഓട്ടൻ തുള്ളൽ വേഷമഴിക്കാതെ തന്നെ പദ്യംചൊല്ലി. പിന്നെ കഥകളി വേദിയിലേക്ക്. അവിടെയെത്തിയപ്പോൾ മറ്റെല്ലാവരും അവതരിപ്പിച്ചു കഴിഞ്ഞു. തടസ്സം പറഞ്ഞപ്പോൾ സംഘാടകരോട് ദയ യാചിച്ചു. പിന്നെ പ്രോഗ്രാം കമ്മിറ്റി ഓഫിസിൽ പോയി പ്രത്യേക അനുമതി വാങ്ങിയാണ് പങ്കെടുത്തത്. ധനഞ്ജയ്ക്കു തയാറാകാന് വേണ്ടി മാത്രം ഒരു മണിക്കൂർ ജഡ്ജസും കാഴ്ചക്കാരും കാത്തിരുന്നു. ആരെയും നിരാശരാക്കാത്ത പ്രകടനം.

പാലക്കാട് പത്തിരിപ്പാലം ഗവ.എച്ച്എസ്എസ് വിദ്യാർഥിയായ ധനഞ്ജയ് കൃഷ്ണൻ അതേ സ്കൂളിലെ അധ്യാപികയായ അമ്മ സീമയ്ക്കും ചേട്ടന് അനിരുദ്ധിനുമൊപ്പമാണ് ആലപ്പുഴയെത്തിയത്. സമയക്രമവും നഗരത്തിലെ തിരക്കും കണ്ട് പകച്ചുപോയ ഇവർക്കു തുണയായത് പഴയൊരു കലോത്സവ താരം. ആലപ്പുഴ പാതിരപ്പള്ളി സ്വദേശി രാകേഷ് നാഥ്. ട്രാഫിക് ബ്ലോക്കിൽ കുടുങ്ങാതെ, ഇടവഴികളിലൂടെ രാകേഷ് ഇവരെ സ്വന്തം വാഹനത്തിൽ വേദികളിലെത്തിച്ചു. ഇപ്പോൾ ചേർത്തലയിൽ ബാറ്ററിക്കട നടത്തുന്ന രാകേഷ് മൃദംഗ കലാകാരൻ കൂടിയാണ്. കലോത്സവ സ്വപ്നം തകരാതെ കാത്ത രാകേഷിന് നന്ദിയറിയിച്ചാണ് ധനഞ്ജയും കുടുംബവും നാട്ടിലേക്കു മടങ്ങിയത്.

ധനഞ്ജയ് കഥകളിക്കായി തിരക്കിട്ട് വേഷമിടുന്നു. രാകേഷ് നാഥ് സമീപം

അനുഗ്രഹം തേടി വള്ളികുന്നത്തെ തോപ്പിൽ ഭാസിയുടെ വീട്ടിലെത്തിയ കൊല്ലം ആവണീശ്വരം എപിപിഎംവിഎച്ച്എസ്എസിലെ നാടകസംഘം അമ്മിണിയമ്മയോടൊപ്പം.

അനുഗ്രഹപ്പൂക്കൾ തേടി നാടകത്തിന്റെ തോപ്പിൽ

നാടകത്തിന്റെ തറവാട്ടിൽ ചെന്ന് അനുഗ്രഹവും അനുഭവങ്ങളും പകർന്നു വാങ്ങിയാണ് 'മൃച്ഛഘടികം' കളിക്കാൻ അവർ തട്ടിൽ കയറിയത്. കെപിഎസിയിലൂടെ ആ സംസ്കൃത നാടകം മലയാളികൾക്കു പരിചയപ്പെടുത്തിയ തോപ്പിൽ ഭാസിയുടെ ചരമവാർഷികമായിരുന്നു ഇന്നലെയെന്ന് അവരോർത്തു. വള്ളികുന്നത്തെ വീട്ടിലെത്തി തോപ്പിൽ ഭാസിയുടെ ഭാര്യ അമ്മിണിയമ്മയെ കണ്ട് അനുഗ്രഹം തേടി. ഓർമകൾ കേട്ടിരുന്നു. പിതാവിന്റെ റിഹേഴ്സലുകളിൽ കണ്ട നാടക സങ്കേതങ്ങൾ ഭാസിയുടെ മകൾ മാല പറഞ്ഞുകൊടുത്തു.

കൊല്ലം ആവണീശ്വരം എപിപിഎംവിഎച്ച്എസ്എസിൽനിന്നാണു നാടകസംഘം വന്നത്. സംസ്കൃത നാടക മത്സരത്തിൽ അവർ മൃച്ഛകടികം കളിച്ചു. കൊടുമൺ ഗോപാലകൃഷ്ണനാണ് പരിശീലകൻ. വെള്ളാപ്പള്ളി ഒഎൽഎഫ് എൽപിഎസിലെ വേദിക്കു പേരു മറ്റൊരു പ്രശസ്ത നാടകത്തിന്റേത്: എസ്എൽ പുരത്തിന്റെ 'കാട്ടുകുതിര.'

ബിസി 2ൽ ശൂദ്രകൻ എഴുതിയ മൃച്ഛകടികത്തിന്റെ (മണ്ണുകൊണ്ടുള്ള കളിവണ്ടി) ഇതിവൃത്തം രാജാവിന്റെ തെറ്റുകളെ വിമർശിക്കുന്നതാണ്. കഥാപാത്രങ്ങൾ മിക്കവരും സാധാരണക്കാർ. ആര്യകൻ എന്ന ഇടയന്റെ നേതൃത്വത്തിൽ രാജാവിനെ പുറത്താക്കുന്നതാണു കഥ. രാജാവിന്റെ ബന്ധുവിന്റെ അഴിമതി ഉപകഥയായി വരുന്നു.

റിപ്പോർട്ടുകൾ: സാക്കിർ ഹുസൈൻ, ആർ.കൃഷ്ണരാജ്, സന്തോഷ് ജോൺ തൂവൽ, എം.എ.അനൂജ്, പ്രതീഷ് ജി.നായർ, മുസ്തഫ കൂടല്ലൂർ, കപിൽ രാജ്, നിഥിൻ സാമുവൽ

ചിത്രങ്ങൾ :ജോസ്കുട്ടി പനയ്ക്കൽ, റോബർട്ട് വിനോദ്, ഫഹദ് മുനീർ, അരവിന്ദ് വേണുഗോപാൽ

അകലെയാണെങ്കിലും ആലപ്പുഴയിലാണ് അനു സിതാരയുടെ മനസ്സ്

അനു സൊനാരയും അനു സിതാരയും. (ഫയൽ ചിത്രം)

'അമ്മ ഷോ'യുമായി ബന്ധപ്പെട്ട് ഇപ്പോൾ ദുബായിലാണ് നടി അനു സിതാര. പക്ഷേ, മനസ്സ് ആലപ്പുഴയിലെ സംസ്ഥാന കലോത്സവവേദിയിലും. മിനിറ്റുകളിടവിട്ട് ഇവിടേക്കു ഫോൺ ചെയ്യും. അനുജത്തി അനു സൊനാര സലാം എച്ച്എസ്എസ് വിഭാഗം കഥകളിയിലും മാപ്പിളപ്പാട്ടിനും മത്സരിക്കുന്നു. നൃത്ത ഇനങ്ങളിൽ തിളങ്ങിയാണ് അനു സിതാര കലോത്സവവേദികളിലും അതുവഴി സിനിമയിലും താരമായത്. ഇത്തവണ ദുബായിലിരുന്ന് ഫോൺ വഴി പ്രോത്സാഹനം. അച്ഛൻ സലാം കൽപറ്റ നാടകപ്രവർത്തകനാണ്.

ചേച്ചിയെപ്പോലെ അഭിനയം അനു സൊനാരയുടെയും ലക്ഷ്യമാണ്. പ്രേതം ടു വിലൂടെ സിനിമയിലേക്ക് അവസരം ലഭിച്ചെങ്കിലും പഠനം മുടങ്ങുമെന്നതിനാൽ അഭിനയിക്കാനായില്ല. കൽപറ്റ എൻഎസ്എസ് എച്ച്എസ്എസ് വിദ്യാർഥിയായ അനു സൊനാര മാപ്പിളപ്പാട്ടിൽ എ ഗ്രേഡുമായാണ് മടങ്ങുന്നത്. 'അമ്മ ഷോ'യുമായി ബന്ധപ്പെട്ട് ഇപ്പോൾ ദുബായിലാണ് നടി അനു സിതാര. പക്ഷേ, മനസ്സ് ആലപ്പുഴയിലെ സംസ്ഥാന കലോത്സവവേദിയിലും. മിനിറ്റുകളിടവിട്ട് ഇവിടേക്കു ഫോൺ ചെയ്യും. അനുജത്തി അനു സൊനാര സലാം എച്ച്എസ്എസ് വിഭാഗം കഥകളിയിലും മാപ്പിളപ്പാട്ടിനും മത്സരിക്കുന്നു.

നിറം മങ്ങിയ ജീവിതങ്ങളിൽ വെളിച്ചമായി കലോത്സവക്കാഴ്ചകൾ

കലോത്സവം കാണാൻ ഹരിപ്പാട് ആയാപറമ്പ് ഗാന്ധിഭവൻ സ്നേഹവീട്ടിലെ 18 മുത്തശ്ശന്മാരും മുത്തശ്ശിമാരും

കലോത്സവം കാണാൻ ഹരിപ്പാട് ആയാപറമ്പ് ഗാന്ധിഭവൻ സ്നേഹവീട്ടിൽ നിന്നെത്തിയവർ

സ്വന്തം മക്കൾ കൊണ്ടുവിട്ടയിടത്തു നിന്നാണ് ഒരുകൂട്ടം മുത്തശ്ശന്മാരും മുത്തശ്ശിമാരും കലോത്സവ വേദിയിലെത്തിയത്. അവിടെ അവർ ഒത്തിരി കൊച്ചുമക്കളെക്കണ്ടു. പാട്ടും നൃത്തവും ആസ്വദിക്കുന്നതിനിടയിൽ, അടുത്തുകൂടിയ കുട്ടികളുടെ കൈപിടിച്ച് അവർ ഒരു വാക്ക് വാങ്ങി: 'അച്ഛനമ്മമാരെ വാർധക്യത്തിൽ ഉപേക്ഷിക്കില്ല.'

ഹരിപ്പാട് ആയാപറമ്പ് ഗാന്ധിഭവൻ സ്നേഹവീട്ടിലെ 18 അംഗങ്ങളാണ് ഇന്നലെ കലോത്സവം കൂടാനെത്തിയത്. പതിവുപോലെ രാവിലെ മനോരമ വായിക്കുന്നതിനിടയിലാണു സ്നേഹവീട്ടിലെ ജാനകിയമ്മ കലോത്സവത്തിന്റെ 'പകിട്ട്' കണ്ടു മോഹിച്ചത്. കൂട്ടുകാരി കല്യാണിയോടു കലോത്സവക്കാര്യങ്ങൾ പറയുന്നതിനിടയിൽ ചിലർക്കു കലോത്സവം കണ്ടാൽ കൊള്ളാമെന്നായി. പിന്നെ വൈകിയില്ല. മാസത്തിലൊരിക്കലുള്ള 'വിനോദയാത്ര' കലോത്സവ വേദിയിലേക്കു മതിയെന്ന് അവർ തീരുമാനിച്ചു.

സ്നേഹവീട് ഡയറക്ടർ മുഹമ്മദ് ഷെമീറിനൊപ്പം ലിയോ തേർട്ടീൻത് എച്ച്എസ്എസിലെ ഒന്നാം വേദിയിലേക്കാണ് അവർ വന്നിറങ്ങിയത്. 'കലോത്സവം ആദ്യമായാണു കാണുന്നത്, വളരെ സന്തോഷമായി-' സ്നേഹവീട്ടിലെ അംഗമായ കല്ലട സ്വദേശിനി കല്യാണിയും കോടുകുളഞ്ഞി സ്വദേശിനി കമലമ്മയും സന്തോഷം പങ്കുവച്ചു. ഉച്ചവരെ നൃത്തം കണ്ട് ആസ്വദിച്ച ശേഷം മടങ്ങുമ്പോഴാണ് കട്ടച്ചിറ സ്വദേശിനി സുലോചന കൂട്ടുകാരോടു പറഞ്ഞത്: ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ കലോത്സവത്തിൽ പങ്കെടുത്തിട്ടുണ്ട്...'അതുകേട്ട്, തിരുവനന്തപുരം സ്വദേശിനി ചിത്രാദേവി പറഞ്ഞു: 'ഞാനും കലോത്സവത്തിനു ചിലങ്ക കെട്ടിയിട്ടുണ്ട്, പണ്ട്..'.